Career and family can be described as the two sides of the same coin. They both are equally important in one's life. Our profession gives us an individual identity and financial security. But on the other hand family gives us an emotional security. Neglecting any one of these could result in distress in one's life. A balance has to be maintained between the two, which is very easy to say, but to do it in practical is very difficult. Global societal changes and their impact on the contemporary family system have a significant impact on this phenomenon. Participation of women in the labour force brought significant change in the family structure. We cannot give our 100% to our family and 0% to our profession and we cannot give 0% to our family and 100% to our profession. Balancing career and family is a broad concept including proper prioritizing between 'careers' on the one hand and 'family' on the other.

**Work role and family role**

Career and family balance reminds us that each of us has other life roles in addition to our work role. Chief among these other roles, such as the role of a son, daughter, brother or sister, spouse or partner, parent or care giver and so on. To many people, their family roles as partners and parents are particularly important, perhaps even more important than their work roles. Indeed, the chief point of career roles for many may be the opportunity they give to provide money for the well being of the family. The real problem for many people may be that, early in their careers the pursuit of career success draws them into the habit of working harder and for longer hours.

The wholesale entry of most women into the workforce made tremendous change in the society. Now both husband and wife have to manage the career-family balancing equally. There is always a conflict between the demand of the family and demand of career. Time factor is important is in the case of balancing career family process. Many jobs nowadays require both regular and irregular hours. For example, an employee may work late to clear a backlog, take work home, attend evening or weekend meetings, work irregular shifts, or be on call 24 hours a day in case of emergency. All of these conditions can interfere with normal family time, and the problem is exacerbated if the family is large; if family members are infants, very young children, or frequently sick, and if other adult family members, including partners, also have jobs.

Another area is the stress and strain of the working people. The workloads and ambiguity can provide their own stresses, even without the complicating factor of family responsibilities. In the family situation, too, various factors, such as family size, children's behavior problems, and lack of spousal support, can likewise be stressful. Under these circumstances, it is hard not to take work related stress home to the

⇨

family and family related stress to work and as a result fail to discharge their role satisfactorily.

Usually the behavioral patterns of the individuals who are in the work world are competitive or aggressive actions or strong controls of emotions. This may be inappropriate in the family role. Family behavior such as warmth and affection may not fit well in the work role.

**How to maintain balance between career and family**

1. **Set Your Family and Business Goals**

One of the important steps to attain life balance is to identify your goals. If you have not already done so, pull out a pad of paper and write down your career, marriage and family goals. The only way you are going to achieve these goals is with the support of your family members.

**2. Set Your Priorities**

Prioritizing our commitments play significant role in balancing career and family. You have to decide what is most important to you. Where do you want to spend your time and energy? How important is your career in the scheme of your life? How do you define success? The first step to achieving balance is to get your family to agree on what the priorities should be. Support from your family has to be there. The aspect of sacrifice is very much essential from the part of your friends and family members for maintaining life balance.

**3. Time management**

The easiest way to go about seeking life balance is to designate a time for work and a time for family. The best way to ensure that you are able to balance your work and career without negatively impacting each other is to use time management to your advantage. Time management helps to keep an employee or a parent focused on the task at hand. When more tasks are completed on time the likelihood of having to bring work home significantly decreases. The same can be said for time management in the home because; it often leaves families with more time to spend with each other. Try to find time for everything.

**a. Put Your Leisure Time in Your Schedule**

Make play and family time legitimate and guilt-free by putting it into your schedule. Experiment with scheduling time for sleep, meals, commuting, lunch and dinner with friends and family. Don't have an "open-door policy." Let people know when you're available for calls and meetings. Teach co-workers to respect your time.

**b. Make sure your work time is respected**

When you blocks time for your work, you are not to be interrupted unless there is important reason. Of course, there will be exceptions when either your spouse or kids need to talk to you about something, but you must make those times the exceptions and not the norm.

**c. Don't conduct business during family time**

This means not doing ANYTHING work related during family time. Give **respect** and **value** your family time. When you are with your family, try to stop thinking about everything going on in your life and focus on your family. Resist the temptation to talk about your ⇨

work and instead concentrate on topics of interest to your family. The association with support groups like meetings and other get-togethers will generally enhance our relationship with our fellow beings and this will help us to maintain the social relationship and balance.

**4. Technical advancement and life balancing**

Most recently, there has been a shift in the workplace as a result of advances in technology. Increasingly sophisticated and affordable technologies have made it more feasible for employees to keep contact with work. Employees have many methods, such as emails, computers and cell phones, which enable them to accomplish their work beyond the physical boundaries of their office.

**5. Stress management**

Stress at work is a relatively new phenomenon of modern lifestyles. Job stress poses a threat to physical and psychological health. Work related stress in the life of professional workers affect the life satisfaction. In order to maintain a good balance between career and family one has to learn how to manage stress. To achieve this Physical health, Mental health and Spiritual health of an individual are to be balanced. Positive Thinking, Routine Exercises, Yoga, Meditation, voluntary services etc. are also to be introduced in ones time schedule to maintain a healthy, stress free atmosphere.

**Conclusion**

The biggest challenge many of us face is how to balance the demands of family, friends, and career. While we want happy and fulfilling lives outside of work, we have to make personal sacrifices in order to achieve our career aspirations. Since time is precious, keeping a balance between the two worlds can be a real challenge. Balancing our work and family life not only makes our children happier; it makes our life easier.

# CONGRATULATION



**Er. Binu Sankar,** Assistant Engineer, Generation Division Moozhiyar was awarded the doctorate degree by the Indian Institute of Technology, Madras. He had carried out studies for developing a methodology of generating hydrogen for use in a sustainable, reliable and by economic means. In his doctoral thesis, the nanoaluminium powder was produced by wire explosion process in different ambiences and a methodical experimental study is planned to understand the influence of nanomaterials on improving the insulation behaviour. A Laser beam technique was developed to understand the insulation characteristics of these Nanomaterials.

KSEB Engineers association congatulates him for his achievement

# NATIONAL POWER NEWS

**Overall power generation estimated at 223 billion units in September quarter**

In the September 2012 quarter, the overall power generation is estimated at around 223 billion units, 3% higher as compared to the generation in the corresponding quarter last year. At the same time, the generation capacity has grown at 14% year on year, which indicates drop in the capacity utilization.

This drop in the capacity utilization can be due to lower fuel availability for thermal power plants, which forms over 70% of the country's total power generation capacity. Additionally, the capacity utilization of the Hydro plants is also expected to be lower due to weaker monsoon.

Overall capacity utilization, in industry term-plant load factor is expected to decline by 2-3% year. It is expected to be around 65% against 67% in the September quarter last year and 74% during the June quarter this year.

**CERC want bail out for only discoms that Improve performance**

The consumer education and Research Centre (CERC) disagree with the Ministry of Power regarding increase electricity tariff every year. It wants central government to give bail out package to only those state utilities that improve their performance. CERC wrote to the Union Minister for Power that poor technical and financial performance of electricity distribution companies should not result in burden on the consumers.

The package of Rs.1.9 lakh crore approved by the government would put additional burden on people of India as central and state governments will recover it by imposing various taxes.

It requested Ministry of Power to direct Central Electricity Authority to monitor performance of electricity distribution companies.

"If the desired performance is not achieved every year the package amount should be discontinued till the target is achieved by electricity distribution companies. It is therefore requested that bail out package should be interlinked with the performance of Distribution companies'.

**CERC to appoint consultant to assess regulatory impact.**

The Central Electricity Regulatory Commission (CERC) plans to engage a consultant to assess the overall impact of its tariff regulations on the [power sector. The move comes at a time when there are rising concerns about lower tariff realizations by power producers as well

⇨

as issues related to pricing electricity generated from plants fired by imported fuel.

CE%RC has said the main objective on the corporate consultant would be to undertake impact assessment of its regulations. The consultant would have to develop a Regulatory/Impact assessment (RIA) tool customized for CERC Regulations.

According to CERC, impact analysis of tariff norms-financial as well as technical- that resulted in benefits/loss to the generating or transmission company, would be looked into.

In addition, their consultant would analyses the overall impact of regulations on electricity buyers, especially in terms of availability of power and price. Once the assignment is awarded, the consultant has to submit the report within three months.

**12th Plan to consider incentives for alternate power generation**

Generation-based incentives and depreciation allowance to encourage production of power from new and renewable sources will be on top of the 12th Plan agendas. An addition to this effect was given by new and Renewable Energy Minister Mr. Farooq Abdulla while addressing the India carbon Market Conclave.

" The provision for inclusion of these incentives have been discussed with the Planning Commission and I have requested the planners to offer these for a larger period of eight years rather than five that was giving during 11th Plan", Abdulla said. The Minister expressed confidence that the National Development Council which is to meet soon would put its stamp of approval to the Ministry's proposals for the 12th plan (2012-17).

**Southern grid to be integrated with national grid by January 2014**

The Government has said the southern power transmission grid will be connected with the national grid by the first week of January, 2014. According to Power Grid Corporation (PGCIL) Chairman, R.N. Naik, PGCIL is constructing a 800 kV transmission line between Raichur in Karnataka and Sholapur in Maharshtra to connect the southern grid with the work and connect by January 2014.

The national grid is presently demarcated into five regional grids- Northern, Southern, Eastern, Western and North-eastern. Except the Southern grid, all other grids are operating in synchronism since August 2006 and have a single frequency. The southern grid is presently linked with the national grid through a synchronous HVDC transmission line and has a different frequency. The integration of southern grid will help states like Tamil Nadu, Andhra Pradesh, Kerala, Karnataka and Puducherry in getting their due share of power from national grid.

# പ്രവർത്തിച്ച് ബോധവൽക്കരിക്കാം

ഇന്ത്യാമഹാരാജ്യത്ത് വൈദ്യുതി മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി സ്ഥാപിത ശേഷിയെ (Installed capacity) ബഹുദൂരം പിന്നിലാക്കി വളരുന്ന ആവശ്യകതയാണ് (Demand). ഇത്തരത്തിലുള്ള ആവശ്യകതയ്ക്ക് വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ സവിശേഷതകളാണുള്ളത്. ഒരു ദിവസത്തെ വിവിധ സംസ്ഥാനങ്ങളുടെ വൈദ്യുതി പരമാവധി ആവശ്യകത (Max demand)കണക്കുകൾ പരിശോധിച്ചാൽ ചില മണിക്കൂറുകളിൽ സ്ഥാപിത ശേഷിയേക്കാൾ കുടിയും ഏറിയ സമയവും കുറഞ്ഞിരിക്കുന്നതുമായാണ് കണ്ടു വരുന്നത്. ഓരോ സംസ്ഥാനത്തും ഈ ചില മണിക്കൂറുകൾ ഒരേ സമയത്തല്ല എന്നത് ആശ്വാസകരമാണ്.

ചില മണിക്കൂറുകളിലെ മാത്രം അധിക ആവശ്യകത മിക്കവാറും മണിക്കൂറുകളിൽ സ്ഥാപിത ശേഷിയേക്കാൾ കുറഞ്ഞു നിൽക്കുന്ന ആവശ്യകത എന്ന പ്രതിഭാസത്തെ നേരിടാൻ സ്ഥാപിതശേഷി വർദ്ധിപ്പിക്കണമോ എന്നാണ് വൈദ്യുതി ബോർഡുകളും സർക്കാരുകളും ആലോചിക്കുന്നത്. സ്ഥാപിതശേഷി വർദ്ധിപ്പിക്കാനുള്ള മുതൽമുടക്കും (Initial investment)കൂട്ടിച്ചേർത്ത ശേഷിയുടെ ഉപയോഗിക്കപ്പെടേണ്ട ആവശ്യം വരാത്ത മണിക്കൂറുകളും (Idling hours) വിശകലനം ചെയ്ത് സമരസപ്പെടുത്തേണ്ടതു തന്നെയാണ്.

ഇനി നമുക്ക് കേരളത്തിലെ സ്ഥിതിവിശേഷം നോക്കാം. ഒരു വശത്ത് കോടിക്കണക്കിന് പണം കുടിശ്ശിക വരുത്തിയിട്ടും തുടർന്നും വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു പറ്റം ഉപഭോക്താക്കൾ. മറുവശത്ത് കൃത്യമായി പണമടച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകാൻ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി കുറഞ്ഞ വിലയ്ക്ക് വിൽക്കുന്ന വൈദ്യുതി ബോർഡ്. വൈദ്യതി ഉപയോഗത്തിൽ നിയന്ത്രണം അടിച്ചേൽപ്പിച്ചിരിക്കുന്നതും കൃത്യമായി പണമടയ്ക്കുന്ന വിഭാഗത്തിനാണ്. ഈ നയം മാറേണ്ടതല്ലേ? ജനവിധി ഇടത്തോട്ടും വലത്തോട്ടും മാറി മറിഞ്ഞിട്ടും വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശികകൾ പെരുകിയതല്ലാതെ കുറഞ്ഞില്ല. കേരള സർക്കാർ ഉപഭോക്താക്കൾ വരുത്തിവച്ച വൈദ്യുതി ചാർജ്ജ് കുടിശ്ശിക സമയബന്ധിതമായി മാർച്ച് 2013 ന് മുമ്പ് അടച്ച് തീർത്ത്, ഇപ്പോഴത്തെ സർക്കാർ മാതൃക കാട്ടണം. പിന്നീട് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി ഉപയോഗത്തിന് മുൻകൂർ പണമടയ്ക്കാനുള്ള സംവിധാനമുണ്ടാകണം.

ഊർജ്ജ സംരക്ഷണത്തിന് ഉത്ബോധനം നൽകുന്നതിനോടൊപ്പം അത് പ്രവർത്തിപദത്തിലെത്തിച്ച അനുകരണീയ മാതൃകകൾ വിലയിരുത്താം. പിന്തുടരാം.

ഗുരുവായൂർ 110kV സബ്ബ് സ്റ്റേഷനിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി station auxillary energy consumption പ്രതിമാസം ശരാശരി 1000 യൂണിറ്റ്സ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനായി സബ്ബ് സ്റ്റേഷൻ പാനൽ ബോർഡുകളിൽ 24 മണിക്കൂറും തെളിഞ്ഞു കിടക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സാധാരണ ഇൻഡിക്കേഷൻ ലാമ്പുകൾ മാറ്റി YBA lamps സ്ഥാപിച്ചിട്ടുണ്ട്. സബ്ബ് സ്റ്റേഷൻ യാർഡിലെ ലൈറ്റുകൾ എല്ലാം തന്നെ സോഡിയം/മെർക്കുറി എന്നിവ മാറ്റി

⇨

# വൈദ്യുതി പ്രതിസന്ധിക്ക് ന്യായവും ശാശ്വതവുമായ പരിഹാരം



*Er. E.M. Nazeer*
*Rtd. Exe.Engineer*

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണെങ്കിലും ഉപഭോക്താക്കൾ ഇക്കാര്യം ഗൗരവമായെടുത്തിട്ടില്ല. ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടും സി.എഫ്.എൽ, എൽ.ഇ.ഡി ബൾബുകൾ തുടങ്ങിയവ വ്യാപകമായിട്ടും ഉപഭോക്താക്കളുടെ ധൂർത്തിന് യാതൊരു കുറവുമില്ല. വൈദ്യുതിച്ചിലവേറിയതും പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുവയുമായ എയർകണ്ടീഷനറുകളുടെ ഉപയോഗം പരിസ്ഥിതിവാദികളുൾപ്പെടെയുള്ളവർവരെ ശീലമാക്കിക്കഴിഞ്ഞു. യു.പി.എസ് അഥവാ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ ലോഡ് ഷെഡ്ഡിംഗിന്റെ ലക്ഷ്യം നേടാനാകാതാകുന്നു. ഇവയിലൂടെയുള്ള വൈദ്യുതി നഷ്ടവും ചെറുതൊന്നുമല്ല. ഒട്ടുമിക്ക വൈദ്യുതോപകരണങ്ങളുടെയും പ്രവർത്തനസമയം ആവശ്യമനുസരിച്ച് മറ്റു സമയങ്ങളിലേക്ക് മാറ്റാവുന്നതിനാലും വൈദ്യുതി, ഇൻവെർട്ടറുകളിൽ ശേഖരിച്ചുവച്ച് പിന്നീട് ഉപയോഗിക്കാവുന്നതിനാലും ലോഡ് ഷെഡ്ഡിംഗിന്റെ പ്രസക്തി തന്നെ നഷ്ടപ്പെട്ടു വരുന്നു.

പരിസ്ഥിതിവാദികളുടെ ദുർവാശിമൂലം നിരവധി പദ്ധതികൾ നടപ്പാക്കാനാകാതെ വന്നതിനാൽ ചെറുതും വലുതുമായ ⇨

---

CF Lamp ഉപയോഗിച്ചിട്ടുള്ള ലൈറ്റുകൾ ആക്കിയിട്ടുണ്ട്. ഈ മാതൃക വൈദ്യുതി ബോർഡിന്റെ എല്ലാ സബ്ബ് സ്റ്റേഷൻ / ജനറേറ്റിംഗ് സ്റ്റേഷനുകളിലും നടപ്പാക്കാൻ സാധിക്കുന്നതാണ്. വൈദ്യുതി ബോർഡിന്റെ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെങ്കിലും ഊർജ്ജക്ഷമതയുള്ള വിളക്കുകൾ, മറ്റ് സാമഗ്രികൾ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് മാതൃകയാക്കണം. ഇങ്ങനെ ചെയ്തുകഴിഞ്ഞാൽ തന്നെ പീക്ക് സമയത്തെ വൈദ്യുതി ആവശ്യകതയും വൈദ്യുതി ചിലവും കുറയും.

അടുത്ത നടപടിയായി ഗവൺമെന്റ് ഓഫീസുകളിൽ എല്ലാം തന്നെ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള ബോധവത്ക്കരണം തുടങ്ങാം. തെരുവുവിളക്കുകളിൽ ഇപ്പോഴുള്ള സോഡിയം/മെർക്കുറി ലാമ്പുകൾ, ഓർഡിനറി ലാമ്പുകൾ എന്നിവ മാറ്റി തൽസ്ഥാനത്ത് ഊർജ്ജക്ഷമതയുള്ള ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകണം.

അന്തർ സംസ്ഥാന വൈദ്യുതി പ്രസരണ ലൈനുകളുടെ ശേഷി പരിമിതികളും പുതിയ ജല വൈദ്യുത/താപവൈദ്യുത പദ്ധതികൾ തുടങ്ങാനുദ്ദേശിക്കുമ്പോൾ തന്നെ നേരിടുന്ന തടസ്സവാദങ്ങളും പരിഗണിച്ച് പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകൾ (വിൻഡ്, സോളാർ, ബയോഗ്യാസ് മുതലായവ) ഉപയോഗിച്ച് വൈദ്യുതി ഗ്രിഡ്ഡിലേക്ക് തരാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് നീതിപൂർവ്വമായ വില നൽകി വൈദ്യുതി വാങ്ങാൻ ബോർഡ് യുദ്ധകാലടിസ്ഥാനത്തിൽ തന്നെ നടപടിയെടുക്കണം. തെരുവ് വിളക്കുകൾ എല്ലാം തന്നെ സോളാർ ആക്കുകയും സെൻസറുകൾ ഉപയോഗിച്ച് നിശ്ചിത വെളിച്ചത്തിൽ കുറഞ്ഞാൽ മാത്രം തെളിയുന്ന തരത്തിലുള്ളവയാക്കിയാൽ എത്ര വൈദ്യുതി വാങ്ങൽ ചിലവ് ലാഭിക്കാനാകും എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

❋

*KSEBEA Thrissur Unit*

അസംഖ്യം സ്വകാര്യ ഡീസൽ ജനറേറ്ററുകൾ നാട്ടിലെങ്ങുമുള്ള കടകമ്പോളങ്ങളിലൊക്കെ യായി സ്ഥാപിക്കപ്പെട്ടു. ഇവ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ആർക്കും പ്രശ്നമാകുന്നില്ല. ഇവയ്ക്കു പകരം, ഇവ യ്ക്കുപയോഗിക്കുന്ന ഡീസൽ ഉപയോഗി ച്ചുള്ള ഒന്നോ രണ്ടോ വലിയ വൈദ്യുതി നില യങ്ങൾ സ്ഥാപിച്ചിരുന്നുവെങ്കിൽ പാരി സ്ഥിതിക പ്രശ്നങ്ങൾ കുറയുമായിരുന്നു വെന്നു മാത്രമല്ല ഇവയിൽ നിന്നെല്ലാം കൂടി യുള്ളതിനെക്കാൾ വൈദ്യുതി ലഭിക്കുകയും ചെയ്യുമായിരുന്നു.

പാചകവാതക ദൗർലഭ്യം ഇൻഡക്ഷൻ കുക്കറുകളുടെ വ്യാപകമായ ഉപയോഗത്തിന് വഴിവച്ചു. ഈ വാതകമുപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങളുണ്ടാവുകയും ഇൻഡ ക്ഷൻ കുക്കറുകളുടെ ഉപയോഗം പ്രോത്സാഹി പ്പിക്കുകയും ചെയ്താൽ ഇന്ന് ഉപയോഗിക്കു ന്നത്ര പാചകവാതകത്തിന്റെ ആവശ്യം വരില്ല.

കേരളം ഏറ്റവും കൂടുതൽ വൈദ്യുതി ഉപ യോഗിച്ചത് 21.03.2012 ലാണ്. 63.45 ദശലക്ഷം യൂണിറ്റ്. വൈദ്യുതിബോർഡിന്റെ നിലയങ്ങ ളിൽ നിന്നും, കേന്ദ്രപൂളിൽ നിന്നും, പുറത്തു നിന്ന് കൂടിയ വിലയ്ക്കു വാങ്ങിയുമൊക്കെ സാദ്ധ്യമായ എല്ലാ സംവിധാനങ്ങളുമുപയോ ഗിച്ചാണ് ഇത്രയും വൈദ്യുതി ഉപഭോക്താക്ക ളിലെത്തിച്ചത്. വിദൂരസംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി എത്തിക്കാനുള്ള ലൈനുകളും പുതിയ വൈദ്യുതി നിലയങ്ങളും ഉണ്ടാകും വരെ ഇതിൽക്കൂടുതൽ വൈദ്യുതി നൽകാൻ ബുദ്ധിമുട്ടായിരിക്കും. മൊത്തം ഉപഭോഗ ത്തിന്റെ 48 % ഗാർഹികോപഭോഗത്തിനാണെ ന്നാണ് കണക്ക്. അതായത് 30.45 ദശലക്ഷം യൂണിറ്റ്. 84 ലക്ഷം ഗാർഹികോപഭോക്താക്ക ളുമുണ്ട്. നിയന്ത്രണങ്ങളില്ലാതിരുന്നപ്പോഴാണ് 30.45 ദശലക്ഷം യൂണിറ്റ്, ഗാർഹികോപഭോ ക്താക്കൾ ഉപയോഗിച്ചത്. ഈ കണക്കു കളനുസരിച്ച് എല്ലാ ഉപഭോക്താക്കളും തുല്യ രെന്ന ന്യായത്തിൽ ഗാർഹികവൈദ്യുതി വിഹിതം തുല്യമായി വീതിച്ചു നൽകിയിരു ന്നെങ്കിൽ പ്രതിമാസം 110 യൂണിറ്റിനു മേൽ ആർക്കും അർഹതയോ അവകാശമോ ഉണ്ടാ കുമായിരുന്നില്ല. മൊത്തം ഉപഭോക്താക്കളിൽ 28.5% പ്രതിമാസം 40 യൂണിറ്റിനു താഴെ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. 100 യൂണിറ്റിനു മുക ളിൽ ഉപയോഗിക്കുന്നവർ താരതമ്യേന കുറ വാണെങ്കിലും അവരാണ് പ്രശ്നക്കാർ. ഇൻവെർട്ടറുകൾ ഉപയോഗിക്കുന്നതിനാൽ ഈ ന്യൂനപക്ഷത്തിന് ലോഡ്ഷെഡ്ഡിംഗ് ബാധക മാകുന്നേയില്ല. കുറച്ചു ദരിദ്രരുടേയും വൈദ്യുതി കരുതലോടെ ഉപയോഗിക്കുന്നവ രുടെയും വിഹിതം സമ്പന്നരും ആർഭാടപ്രി യരും സുഖലോലുപരും ധൂർത്തരുമായ പൊങ്ങച്ചക്കാർ സാമ്പത്തിക മുഷ്കിൽ കവർന്നെടുക്കുകയാണിന്ന്. ഇത്തരം ആളു കൾ മൂലമാണിന്ന് പാവപ്പെട്ടവരുടെ മേൽ ലോഡ്ഷെഡ്ഡിംഗ് എന്ന ശിക്ഷ അടിച്ചേൽപ്പി ക്കപ്പെടുന്നത് !

ഇന്നത്തെ സാഹചര്യത്തിൽ വൈദ്യുതി ബഡ്ജറ്റിംഗാണാവശ്യം. മൊത്തം ലഭ്യമാകാൻ സാദ്ധ്യതയുള്ള വൈദ്യുതിയുടെ കണക്ക് കൂട്ടിയെടുത്ത് ന്യായമായി ഓരോ വിഭാഗം ഉപഭോക്താക്കൾക്കായി വീതം വയ്ക്കണം. ഗാർഹിക ഉപഭോക്താക്കൾക്ക് എല്ലാ പേർക്കും തുല്യമായി പ്രതിമാസം നിശ്ചിതയൂണിറ്റെന്ന നിരക്കിൽ (ഒരു വീടിന് നിശ്ചിത എണ്ണം പാചകവാതകസിലിണ്ടർ എന്ന രീതിയിൽ) ക്വോട്ട നിശ്ചയിക്കണം. അതനുസരിച്ച് ക്വോട്ട പൂർത്തിയാക്കുമ്പോൾ സ്വയം വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടുന്ന സമ്പ്രദായം നിലവിൽ 110 യൂണിറ്റിലധികം ഉപയോഗിക്കുന്നവർക്ക് ഏർപ്പെടുത്തണം. സമാനമായ സമ്പ്രദായം വാണിജ്യസ്ഥാപന ങ്ങൾക്കുമെർപ്പെടുത്തണം. ഇത് വലിയ ⇨

# മാനവ കാരുണ്യയാത്ര



*M. Radhakrishnan Nair*
*Org. Secretary (North)*

**സ്വാ**തികൃഷ്ണ എന്ന പെൺകുട്ടി കരൾമാറ്റ ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്ക് തിരിച്ചെത്തിയപ്പോൾ നമ്മുടെ വാർത്താമാധ്യമങ്ങൾ അവയവ ദാനത്തിന്റെ വലിയ സന്ദേശമാണ് സമൂഹത്തിൽ നൽകിയത്. ഇപ്പോഴിതാ അപകടത്തിൽ മരിച്ച ജയചന്ദ്രന്റെ വൃക്കകൾ ആറ് വർഷവും, മൂന്നു വർഷവുമായി ഡയാലിസിസ് ചെയ്തിരുന്ന രണ്ട് യുവാക്കളുടെ ശരീരത്തിൽ പ്രവർത്തിക്കുകയാണ്. അവയവ ദാനത്തിന്റെ ഇത്തരം മഹനീയ മാതൃകകൾ അവയവദാനത്തെ പറ്റിയും അതിന്റെ മഹത്വത്തെപറ്റിയും ജനങ്ങളിൽ തെറ്റായ ധാരണകൾ തിരുത്താനും ബോധവൽക്കരണം നടത്താനും സാധിച്ചു. അവയവ ദാനത്തിന്റെ മഹാസന്ദേശവുമായി വിവിധ സർക്കാർ ഏജൻസികളുടെയും സന്നദ്ധ സാംസ്കാരിക സംഘടനകളുടെയും പങ്കാളിത്തത്തോടെ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന ബോധവൽക്കരണ യജ്ഞമാണ് മാനവ കാരുണ്യ യാത്ര. ലോകത്തിനു മുഴുവൻ ⇨

---

ബുദ്ധിമുട്ടുള്ള കാര്യമൊന്നുമല്ല. അപ്പോൾ വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാൻ ഉപഭോക്താക്കൾ സ്വയം നിർബന്ധിതരാകും. അനാവശ്യ ഉപഭോഗം പൂർണ്ണമായും ഒഴിവാകും. ചെയ്യാവുന്ന കാര്യങ്ങളിൽ നിയന്ത്രണം വരുത്തും. അത്യാവശ്യങ്ങൾക്ക് വൈദ്യുതി ഉറപ്പാവുകയും ചെയ്യും. വളരെ കൂടുതൽ വൈദ്യുതി ആവശ്യമുള്ളവർ മറ്റുള്ളവരുടെ വിഹിതത്തിൽ കൈവയ്ക്കാതെ സ്വന്തം നിലയിൽ സൗരോർജ്ജ വൈദ്യുതി പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തട്ടെ.

ഇതുവഴി ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായും ഒഴിവാക്കാനാകും. സബ്സ്റ്റേഷനുകളിലെ സ്വിച്ച് ഗിയറുകളുടെ ആയുസ്സ് കുറയാതാകും. വളരെക്കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ലോഡ്ഷെഡ്ഡിംഗിലൂടെ വൈദ്യുതി നിഷേധിക്കുന്ന ക്രൂരത ഒഴിവാക്കാനാകും. ഇൻവെർട്ടറുകളുപയോഗിച്ച് ചിലർ മറ്റുള്ളവരെ വിഡ്ഡികളാക്കുന്ന പ്രക്രിയ അവസാനിക്കും. ഒരു കാലത്ത് കടുത്ത ദരിദ്രരായിരുന്നവരും ഇപ്പോൾ തലമറന്നെണ്ണ തേയ്ക്കുന്നവരുമായ പുത്തൻ പണക്കാരുടെ വൈദ്യുതി ധൂർത്ത് അവസാനിക്കുന്നതുമൂലം വൈദ്യുതി പ്രതിസന്ധിയെന്നത് പഴങ്കഥയായി മാറും.

നിലവിലെ സാഹചര്യത്തിൽ ഒരു ഗാർഹികോപഭോക്താവിന് പ്രതിമാസം 110 യൂണിറ്റ് വൈദ്യുതിയ്ക്കപ്പുറം അവകാശമില്ലെന്നു സൂചിപ്പിച്ചുവല്ലോ. അറിയപ്പെടുന്ന ഓരോ പരിസ്ഥിതിവാദിയും എത്ര യൂണിറ്റ് വീതം പ്രതിമാസം ഉപയോഗിച്ചുവരുന്നുവെന്നും എത്രമാത്രം മറ്റുള്ളവരുടെ അവകാശം കവർന്നുവരുന്നുവെന്നും കണ്ടെത്താനുള്ള ഉത്തരവാദിത്വം അധികൃതർക്കുണ്ട്. പരിസ്ഥിതിവാദത്തിന്റെ പേരിൽ പദ്ധതികളില്ലാതാക്കുന്ന കള്ളനാണയങ്ങളെ വെളിച്ചത്തുകൊണ്ടുവരേണ്ടത് വൈദ്യുതി ബോർഡിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവാദിത്വമാകണം. അത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ✵

അഭിമതനായ ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാമാണ് സെപ്തംബർ 7ന് മാനവ കാരുണ്യ യാത്ര യുടെ ഔചാരികമായ ഉദ്ഘാടനം നിർവഹി ച്ചത്. സെപ്റ്റംബർ 30ന് കാസർഗോഡിൽ നിന്ന് ആരംഭിച്ച് പതിനാലു ജില്ലകളിലും പര്യടനം നടത്തുന്നു. 20 ദിവസം നീണ്ടു നിൽക്കുന്ന ഒക്ടോബർ 20ന് തിരുവനന്ത പുരത്തു സമാപിച്ച യാത്രക്ക് സ്വന്തം വൃക്ക ദാനം ചെയ്ത് അവയവ ദാന വിപ്ലവസന്ദേശ ത്തിന് തുടക്കം കുറിച്ച ഫാദർ ഡേവിഡ് ചിറമേൽ ആണ് നേതൃത്വം നൽകുന്നത്.

കാരുണ്യം നിറഞ്ഞ മനുഷ്യ സമൂഹത്തെ ഉണ്ടാക്കാനാണ് മാനവ കാരുണ്യ യാത്ര നടത്തുന്നതെന്നും, നഷ്ടപ്പെടുന്ന സ്നേ ഹവും, അനുകമ്പയും, കാരുണ്യവും മനുഷ്യ രിൽ ഉണ്ടാവണം. മണിക്കൂറുകളോളം പ്രസംഗിക്കുക മാത്രമല്ല പ്രവർത്തിയിലൂടെ അവ പകർന്നുകൊടുക്കുകയും വേണം. വൃക്ക ദാനം ചെയ്തവരും, സ്വീകരിച്ചവരും യാത്രയി ലുണ്ട്. ഇത്തരം ആളുകളുടെ വീടുകളിൽ താമസിച്ചും ഭക്ഷണം കഴിച്ചുമാണ് യാത്ര നടത്തുന്നത്. സഹായങ്ങൾ മറ്റുള്ളവർക്കു വേണ്ടി ചോദിക്കുകയും, അവർക്കുവേണ്ടി ജീവിക്കുകയും വേണമെന്നും, പണമല്ല മറിച്ച് നല്ല മനസാണ് വേണ്ടതെന്നും കാസർ ഗോഡ് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉത്ഘാടന ചടങ്ങുകളിൽ ഫാ. ഡേവിഡ് ചിറമേൽ പറഞ്ഞു. അവയവ ദാനത്തെപ്പറ്റിയും, അതിന്റെ മഹത്വത്തെ ക്കുറിച്ചും, ജനങ്ങളെ ബോധവൽക്കരിക്കുക, അവയവ ദാനത്തിന്റെ തെറ്റായ ധാരണകൾ തിരുത്തുക, മസ്തിഷ്ക മരണം സംഭവിച്ച ശേഷമുള്ള അവയവ ദാനം പ്രചരിപ്പിക്കുക, അതിനായി പ്രേരിപ്പിക്കുക, ഇത്തരം സത് പ്രവൃത്തികൾ ചെയ്ത ആളുകളെ ആദരിക്കുക, അവയവദാന വിപ്ലവത്തിലൂടെ ലോകത്തിനും, ഇന്ത്യക്കും കേരളം മാതൃ യാവുക തുടങ്ങിയ ലക്ഷ്യങ്ങൾ യാത്രയിൽ പ്രചരിപ്പിച്ചുമാണ് യാത്ര തുടരുന്നത്. കേരളപിറവി ദിനമായ നവംബർ ഒന്നിന് 10 ലക്ഷം പേരുടെ അവയവദാന സമ്മതപത്രം ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽവെച്ച് ഇൻഡ്യൻ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്ന താണ്. അതിലൂടെ മഹത്തായ ഒരു ആരോഗ്യ വിപ്ലവത്തിന് ഇന്ത്യയിൽ തുടക്കം കുറിക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

അവയവം യഥാസമയത്ത് ലഭിച്ചാൽ പുതു ജീവിതത്തിലേക്ക് മടങ്ങുന്നവരുടെ എണ്ണം രാജ്യത്ത് ലക്ഷകണക്കിനാണെങ്കിലും അതിൽ പത്തു ശതമാനത്തിനുപോലും അതിനുള്ള അവസരം ലഭിക്കുന്നില്ല എന്നാണ് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല പ്രതിവർഷം 4000ൽപരം ആളുകൾ കേരള ത്തിൽ മരണപ്പെടുന്നു. എന്നാൽ അവയവ ങ്ങളുടെ അഭാവം മൂലം ജീവിതം പൊലിയുന്ന വരുടെ എണ്ണം വർദ്ധിച്ചു വരുന്നു. അവയവ ദാനത്തെക്കുറിച്ച് അവബോധമില്ലായ്മ, ബന്ധുക്കളുടെ വൈമനസ്യം, നിയമത്തിന്റെ നൂലാമാലകൾ എന്നിങ്ങനെ പല കാരണ ങ്ങളാൽ ആയിരക്കണക്കിനാളുകൾ ജീവിത ത്തിനും മരണത്തിനും ഇടയിൽപെട്ട് ക്ലേശി ക്കുന്നു.

അന്നദാനം മഹാദാനം എന്ന പോലെ ചേർത്ത് വെയ്ക്കേണ്ട ഒന്നാണ് 'നേത്രദാനം മഹാദാനം' എന്ന് കെ.എസ്.ഇ.ബി. എഞ്ചിനീ യേഴ്സ് അസോസിയേഷൻ ആ പുണ്യ പ്രവർത്തിയിൽ പങ്കാളികളായി തെളിയിച്ചു കഴിഞ്ഞു. അതുപോലെ ഈ മഹത്തായ അവയവദാന യജ്ഞത്തിൽ കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ ബന വെലന്റ് ഫണ്ടിന്റെ നേതൃത്വത്തിൽ ഒത്തൊരുമ യോടെ പുതിയ ഒരു ആരോഗ്യവിപ്ലവത്തിനായി നമുക്ക് അണിചേരാം !!!

✵

# 2 ജി സ്പെക്ട്രം ലേലം

*വി. രാജൻ*
*മുൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ*

**ദേ**ശീയ സ്വത്തായ 2ജി തരംഗങ്ങൾ ആദ്യം വരുന്നവർക്ക് ആദ്യം എന്ന രീതിയിൽക്കൂടി ഈ ഗവൺമെന്റ് നല്കിയതിൽ 1.76 ലക്ഷം കോടിയുടെ സാങ്കൽപ്പിക നഷ്ടം ഉണ്ടായതായി സി.എ.ജിയുടെ റിപ്പോർട്ട് വന്നതു മുതൽ ഒരു രാഷ്ട്രീയ ഭൂകമ്പം തന്നെ ഇവിടെ ഉണ്ടായല്ലോ. അങ്ങനെ വിഷയം സി.ബി.ഐ.ൽകൂടി കോടതിയിൽ എത്തി.; സി ബി ഐ 30000 കോടിയുടെ നഷ്ടമാണ് കണക്കാക്കിയത്. കോടതി പ്രകൃതി വിഭവങ്ങൾ ലേലം ചെയ്തു വേണം നല്കാൻ എന്ന് വിധി പ്രഖ്യാപിച്ചു. പ്രതിപക്ഷവും മാധ്യമങ്ങളും വിധിയെ സർവ്വാത്മനാ സ്വാഗതം ചെയ്തു. പക്ഷെ ഈ വിധിയിൽ പല സംശയങ്ങളും പല കോണിൽ നിന്നും പ്രകടിപ്പിക്കപ്പെട്ടു. കൽക്കരി മുതലായ കുഴിച്ചെടുക്കുന്ന വിഭവങ്ങൾ, ഭൂമിയും വനവും, ജലം മുതലായവയുടെ കാര്യങ്ങളിലും ഈ വിധി ബാധകമാണോയെന്നു സംശയമായി. നീണ്ട ചർച്ചകൾക്കുശേഷം റിവ്യു പെററീഷൻ നല്കി. അപ്പോൾ 2ജി മാത്രം ലേലത്തിൽക്കൂടി നല്കുക, മറ്റുള്ളതെല്ലാം ഗവണ്മെന്റിന്റെ നയപരമായ തീരുമാനപ്രകാരം നൽകാൻ വിധി നൽകി. ഇതിനിടക്ക് കൽക്കരിഖനികളുടെ അലോക്കേഷനിലും രാജ്യത്തിന് വലിയ നഷ്ടമുണ്ടായതായി റിപ്പോർട്ടു വന്നു; പ്രതിപക്ഷം അതും ഗവണ്മെന്റിനെ ആക്രമിക്കാനുള്ള ആയുധമാക്കി. പക്ഷെ കൽക്കരി നിക്ഷേപമുള്ള സംസ്ഥാനങ്ങൾ അത് ലേലത്തിൽക്കൂടി നൽകരുതെന്ന് നേരത്തെ തന്നെ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേ സമയം രണ്ടാമത്തെ വിധിയിൽ കോടതി ഗവണ്മെന്റിന്റെ നയപരമായ കാര്യങ്ങളിൽ കോടതി ഇടപെടുന്നത് ശരിയല്ലായെന്നും പറഞ്ഞിരുന്നു.

അങ്ങനെ കഴിഞ്ഞാഴ്ച ലേലം നടന്നു; പ്രതീക്ഷിച്ചതിന്റെ നാലിലൊന്ന് തുക ലഭിച്ചു. വീണ്ടും ലേലം നടത്തുമെന്ന് ഗവണ്മെന്റ് പറയുന്നു. ഈ ലേലത്തുക തന്നെ നിശ്ചയിക്കാൻ വലിയ പ്രയാസമായിരുന്നു. കേസ് പേടിച്ച് ഉദ്യോഗസ്ഥർ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ വിമുഖരായിരുന്നു; അവസാനം 18000 നിർദ്ദേശിച്ചു, മന്ത്രിസ 14000 തീരുമാനിച്ചു.

നേരത്തെ വന്ന കോടതിവിധിയെ മാധ്യമങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്തിരുന്നു. പ്രകൃതി വിഭവങ്ങൾ ലേലത്തിൽക്കൂടി മാത്രമേ നല്കാവു യെന്നായിരുന്നു മാധ്യമങ്ങളുടെ വ്യക്തമായ അഭിപ്രായം. ഇപ്പോൾ ലേലത്തുക കുറഞ്ഞപ്പോഴും പഴി ഗവൺമെന്റിനാണ്. 2008-ലെ സാഹചര്യമല്ല മാർക്കറ്റിലിപ്പോഴുള്ളത്; സേവനം വേണ്ടവരെല്ലാം അത് പ്രയോജനപ്പെടുത്തിക്കഴിഞ്ഞു, സാമ്പത്തിക മേഖലയിലെ മുരടിപ്പ്, ഇതൊക്കെ കൊണ്ടാണ് ലേലത്തുക കുറഞ്ഞതെന്നാണ് ഗവണ്മെന്റിന്റെ ന്യായീകരണം. കോടതിവിധി വരുമ്പോഴും ഇതൊക്കെ തന്നെയായിരുന്നു സാഹചര്യം. ആ സമയം ആരും ഇതൊന്നും പറഞ്ഞില്ല. (രൂപയുടെ വില തന്നെ ദിവസവും മാറിക്കൊണ്ടിരിക്കുന്നു. പല സ്വകാര്യ കമ്പനികളും ഓഹരിവില്പന പകുതിവഴിക്ക് നിറുത്തുന്നു. വലിയ സാമ്പത്തിക ഇടപാടുകൾ നടത്താൻ വളരെ പ്രയാസമുള്ള ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. അപ്പോൾ ഒരു രീതിയിൽക്കൂടി മാത്രമെ നമ്മുടെ ആസ്തികൾ വില്ക്കാവൂ യെന്ന് പറയുന്നത് ശരിയല്ല.) ഇങ്ങനെയുള്ള

⇨

## പത്രവാർത്തകൾ

**മലയാള മനോരമ E - PAPER**

### ഒന്നു ശ്രദ്ധിച്ചാൽ വൈദ്യുതി ബിൽ കുറയ്ക്കാം

കൊല്ലം ● ഉപഭോക്താക്കൾക്കു വൈദ്യുതി ലാഭിക്കാനുള്ള വഴികളുമായി കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷൻ. ബോധവൽക്കരണത്തിനു 25 വിദഗ്ധർക്കു പരിശീലനം നൽകിയതായി ചെയർമാൻ കെ. രാധാകൃഷ്ണൻ അറിയിച്ചു. റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, സർക്കാർ ഉദ്യോഗസ്ഥരുടെ കൂട്ടായ്മകൾ എന്നിവിടങ്ങളിലാണു ബോധവൽക്കരണം നടത്തുന്നത്. ക്ലാസുകൾ ആവശ്യമുള്ളവർ 9446008267 എന്ന ഫോണിൽ വിളിക്കണം. ഊർജസംരക്ഷണത്തെക്കുറിച്ചു പൊതുജനങ്ങൾക്കുള്ള സംശയനിവാരണത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ ആരംഭിക്കും.

ഊർജമേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും അസോസിയേഷൻ തീരുമാനിച്ചു. ഇതിനായി വിവിധ സംഘടനകളുടെ യോഗം വിളിക്കുമെന്ന് എസ്.കെ. യശോധരൻ, എൻ.ടി. ജോബ്, എസ്. രാധാകൃഷ്ണൻ, എഡ്വിൻ കലിസ്റ്റസ് എന്നിവർ അറിയിച്ചു.

ആസൂത്രണത്തോടെ പ്രവർത്തിച്ചാൽ വീടുകളിൽ പ്രതിമാസ വൈദ്യുതി ഉപയോഗം 120 യൂണിറ്റിൽ താഴെയാക്കാമെന്നു വൈദ്യുതി ബോർഡ് മുൻ അംഗം കെ. രാധാകൃഷ്ണൻ.

അദ്ദേഹം അവതരിപ്പിക്കുന്ന ഊർജ ഉപഭോഗക്രമം ഇങ്ങനെ: ഫ്രിജ് (ത്രീ സ്റ്റാറിനു മുകളിൽ) – 30 യൂണിറ്റ്, പ്രധാന കിടപ്പുമുറിയിലെ ഫാൻ (ദിവസം എട്ടുമണിക്കൂർ) – 14 യൂണിറ്റ്, കുട്ടികൾക്കു ഫാൻ (ദിവസം 12 മണിക്കൂർ) – 21.6 യൂണിറ്റ്, പഠനമുറിയിലെ ട്യൂബ് (ദിവസം എട്ടു മണിക്കൂർ) – 10 യൂണിറ്റ്, അടുക്കള (20 വാട്ട് സിഎഫ്എൽ - ദിവസം നാലു മണിക്കൂർ) – 2.4 യൂണിറ്റ്, പൂമുഖം (20 വാട്ട് സിഎഫ്എൽ - ദിവസം അഞ്ചു മണിക്കൂർ) – മൂന്നു യൂണിറ്റ്, ലിവിങ് റൂം (20 വാട്ട് സിഎഫ്എൽ - ദിവസം അഞ്ചു മണിക്കൂർ) – മൂന്നു യൂണിറ്റ്, ടിവി, 11 വാട്ട് സിഎഫ്എൽ, ഫാൻ (ദിവസം മൂന്നു മണിക്കൂർ) – 15 യൂണിറ്റ്, വാഷിങ് മെഷീൻ (മാസം അഞ്ചു പ്രാവശ്യം) - 7.5 യൂണിറ്റ്, ഇലക്ട്രിക് അയൺ (മാസം അഞ്ചു പ്രാവശ്യം) - 7.5 യൂണിറ്റ്. ആകെ 114 യൂണിറ്റ് മാസം ചെലവാകും. സംശയങ്ങൾക്കു ഫോൺ: 9400056026 (രാധാകൃഷ്ണൻ).

---

വിഭവങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ഗവണ്മെന്റിനെയുള്ളൂ, ഉദ്യോഗസ്ഥർ നല്കുന്ന, അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ച് മന്ത്രിസഭ തീരുമാനമെടുക്കുന്നു. ഇപ്പോഴത്തെ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഈ രീതിക്കേ സാധിക്കൂ. അതിൽ ചില അപാകതകൾ സംഭവിക്കുമായിരിക്കും, അതിനെ ഒഴിവാക്കാൻ ഒരുമിച്ച് ശ്രമിക്കാം. സാങ്കല്പിക നഷ്ടങ്ങളുടെ പുറകെ പോയാൽ നമ്മൾ എങ്ങും എത്തില്ല. കമ്പോള സാഹചര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് സി.എ.ജിക്ക് ഉണ്ടോയെന്ന് സംശയമാണ്. ജനം ഭൂമിക്കച്ചവടം ചെയ്യുന്നതു പോലെയല്ല ഗവണ്മെന്റ് അതിന്റെ വിഭവങ്ങൾ വിൽക്കുന്നത്, നയപരമായ കാര്യങ്ങൾ കാണും, ജനത്തിന് ലഭിക്കുന്ന സേവനം, തൊഴിൽസാധ്യത അങ്ങനെ പലതും, ഇതൊന്നും നോക്കാതെ സാങ്കല്പിക നഷ്ടം കണക്കാക്കുന്നത് ശരിയല്ല.

❋

---

THIRUVANANTHAPURAM

THE HINDU • MONDAY, NOVEMBER 26, 20

# Power situation very grim: expert

Staff Reporter

- 'Future of power situation in State is not very bright'
- 'All major power project proposals have been stalled'

KOLLAM: K. Radhakrishnan, former member (generation), Kerala State Electricity Board (KSEB), and chairman of the energy campaign committee of the KSEB Engineers Association, has said a serious lapse on the part of the power engineers in the past few decades in removing the hurdles for establishing major power projects in Kerala is one of the reasons for the current power crisis.

Delivering the keynote address at a seminar on "Energy crisis and it solutions," organised by the Y's Men's Club of Kottarakara on Sunday, he said the energy crisis situation in the State had reached such a situation that any more passiveness cannot be afforded.

He said that it was in the backdrop of this lapse that the KSEB Engineers Association had decided to shoulder a leading role in promoting and coordinating efforts to make Kerala an energy rich State.

The power situation in the State was very grim both in the short-term and long-term perspective.

While the present power shortage could to an extent be attributed to the failure of the monsoon this year, the picture for the coming years were not so bright since all the major power project proposals had been stalled on account of various reasons, he said.

This called for a two-pronged approach comprising short-term and long-term action plans, to overcome the situation. The short-term measures involved economisation of energy use.

**Domestic sector**

Since domestic sector consumption was around half of the total power consumption in the State, efforts to reduce the power consumption of this sector would have more impact.

For this, the KSEB Engineers Association had taken a decision to have mass awareness campaigns for reducing domestic consumption of energy, especially during peak hours.

In this connection, the association would coordinate efforts from the governmental-level and non-governmental organisations, Mr. Radhakrishnan said.

**Long-term plans**

The long-term plans would be aimed at removing the hurdles for enhancing the electricity generation capacity of the State.

Chances of proposals on projects other than hydro electric stations becoming a reality were bleak with uncertainties.

Therefore, the State would have to take a fresh look at all the hydro electric projects of the State, which remained stalled since the past 20 years or more.

**New approach**

Mr. Radhakrishnan said a new approach which acknowledged coexistence of development and the environment was the need of the hour.

The misconceptions about hydel projects had to be addressed and weeded out effectively.

The real facts about environmental impacts of such projects should be brought to light by consolidating scientific opinions from expert organisations.

# POWER-SAVING LESSONS FROM KSEB

The KSEB Engineers Association will launch a State-wide campaign to mitigate the State's energy crisis by bringing down power consumption.

At a press conference here on Friday, the district chairman of the association, S. Rajendran said that the programme was not aimed at curtailing necessary consumption, but to create awareness against unnecessary consumption. The consumer would get a reduced bill too, he said.

**Crisis**

The association decided on the programme because even in the face of energy crisis, consumption was not coming down."What is urgently required is an appreciable drop in consumption during the evening peak hour. A climb in consumption during this period forces the KSEB to purchase costly power," he said.

Mr. Radhakrishnan said the programme aimed at guiding people to use electric gadgets wards judiciously. A chart prepared by the association would be distributed to consumers. The chart suggests that electrical gadgets such as refrigerators be switched off during peak hours. Consumers should try to buy fridges which are marked 3-star and above. Such fridges consume only 30 units per month.

CF lamps must be used as far as possible. TV watching must be restricted to three hours a day.

**Induction cooker**

Mr. Radhakrishnan said an induction cooker consumed more than 1.2 units of power an hour and air conditioner, 2 units.

Careful monitoring of electric meter would also be helpful.The association would conduct 100 awareness classes in Kollam district. Twenty-five experts had been trained for the purpose. Institutions or groups interested in attending the class can contact Mr. Rajendran on phone number 9446008267.

## TRANSFER & POSTINGS

**Transfer of Exeutive Engineers (Ele)(B.O. No.(FM) No.2185/2012 (Estt/III/900/2012) dated 17.11.2012.**

| | | |
|---|---|---|
| 1. | Muhammed Kasim<br>EE,APDRP DIvision<br>Ernakulam. | Executive Engineer,<br>RS Division<br>Aluva. |
| 2. | Mathew P Kurien,EE<br>RS Division, Aluva. | Executive Engineer<br>APDRP Division,<br>Ernakulam. |

**Transfer of Exeutive Engineers (Ele)(B.O. No.(FM) No.2331/2012 (Estt/III/900/2012) dated 22.11.2012.**

| | | |
|---|---|---|
| 1. | N.Vasavan, EE<br>Electrical Division,<br>Kannur | Executive Engineer<br>Trans. Circle<br>Thodupuzha. |
| 2. | Philip Abraham,EE<br>Trans. Circle,<br>Thodupuzha | Executive Engineer<br>APTS,<br>Thiruvananthapuram |
| 3. | K.S.Dawn,EE<br>APTS,<br>Kannur | Executive Engineer,<br>Trans. Circle,<br>Thiruvananthapuram. |
| 4. | K.A.Shaji,EE<br>Trans. Circle, Kannur | Executive Engineer,<br>Trans. Division,<br>Kanjirode. |
| 5. | V.V.Sunil Kumar,EE<br>Trans. Division,<br>Kanjirode. | Executive Engineer,<br>Electrical Division<br>Kannur |

## CONGRATULATIONS



Kumari.Sneha Merin Shaji D/o. Er. Shaji Thomas, Secretary of Pathanamthitta Unit has secured First place in Chess (Junior Girls' category) in the selection tournament for School Games held at Thrissur. She will be the Captain of the Junior Girls team of Kerala State in the National School Games (Chess) to be held in December at Thane in Maharashtra.

***Congratulations ands keep up Kumari. Sneha Merin Shaji.***



Er. George V. James Vice-President (North) of the Association delivering a speech on Energy Conservation at Engineers' House, Kollam on 9-11-2012.



President Er. E Mohammed Shereef handing over a cheque to Smt.Nirmala, Appolo SC Colony, Karichara, Kaniyapuram in Thiruvananthuram district for electrifying her house hold. In connection with the Gandigramam SC colony contact programme of KPCC President Sri. Ramesh Chennithala, news was there in media that Smt. Jayanthi Manoj, daughter of Smt. Nirmala, completed MA, B Ed course and is residing in an unelectrified house .Association sponsored the electrification of her house."

November 2012 Registration No. KL/TV(N)/229/2009 -11

**KERALA STATE ELECTRICITY BOARD ENGINEERS' ASSOCIATION**
**ENGINEERS HOUSE, T.C. 26/1300, PANAVILA, TRIVANDRUM - 695 001**
**PHONE : 0471 - 2330696, FAX : 0471 - 2330853**




കൊല്ലം ഇരവിപുരം സ്നേഹനഗറിന്റെയും കെ. എസ്. ഇ. ബി.എഞ്ചിനീയേഴ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ
25.11.2012 – ൽ സ്നേഹനഗർ അങ്കണത്തിൽ വച്ച് നടത്തിയ ഊർജ്ജ സംരക്ഷണ സെമിനാറിൽ പങ്കെടുത്ത്
അസോസിയേഷന്റെ മുൻ ജനറൽ സെക്രട്ടറി Er. N.T.Job സംസാരിക്കുന്നു




"A view of the Seminar on Power and Energy Management organised by
IEEE, (PES meet 2012) on 10th November 2012 at Hotel Beach Orchid, Kollam"

Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and
on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in
at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com

For private circulation only